**അല്പം നിറഭേദങ്ങളോടെ നിലനിൽക്കുന്ന 'മാർക്സിസങ്ങളുടെ' ബഹുസ്വരത, പാർട്ടി പരിപാടിയുടെ സുവ്യക്തതതയോട് മുഖംതിരിച്ചു പിടിക്കേണ്ടതുണ്ടോയെന്ന്** **ടിയെൻ ജോയ്**

# അമിത പ്രതീക്ഷകളും മോഹചിന്തകളും

പ്രത്യയശാസ്ത്ര പ്രമേയത്തിന്റെ കരട്പോലും പാർട്ടിരഹസ്യമായിരിക്കുന്ന ഒരു സംഘജീവിതം (ഉന്നധാധികാരസമിതികളുടെ ശ്രേണിബദ്ധതയുടെ പാരുഷ്യവും), ചർച്ചക്ക് ദിവസങ്ങൾ ശേഷിക്കുമ്പോൾപോലും കേന്ദ്രസമിതി അംഗത്തിന് രേഖ ലഭ്യമാകാതിരിക്കാൻ കാരണമാകുമോ? മാധ്യമങ്ങളിൽ ഘോഷിക്കപ്പെടുന്നത്ര ഗൗരവം ഈ അജണ്ടക്കും സി.പി.എം നൽകുന്നില്ല എന്നതാണോ ഈ ആലസ്യത്തിന്റെ ഫലശ്രുതി.

രഹസ്യവും രഹസ്യവാദവും ഏറേനാൾ നിലനിന്നതിന്റെ ചരിത്ര ഭാരമുള്ള സി.പി.ഐ.എം.എൽ (രാമചന്ദ്രൻവിഭാഗം) പോലും പാർട്ടികോൺഗ്രസ്സിന് (നവംബർ 7 മുതൽ 12 വരെ) 6മാസം മുൻപുതന്നെ രാഷ്ട്രീയ പ്രമേയവും പരിപാടികളും ഭേദഗതികളും ജനങ്ങൾക്കിടയിൽ ചർച്ചക്കായി വിതരണം ചെയ്തു. നിരീഷകപ്രതിനിധിയായി അവരുടെ സംസ്ഥാനസമ്മേളനത്തിൽ ഞാനുമുണ്ടായിരിന്നു. വോട്ടെടുപ്പിലൊഴിച്ചു (അതുമുണ്ടായിരുന്നു) എല്ലാനടപടികളിലും (ഭക്ഷണം അടക്കം! സഖാവ് എന്നപദത്തിന് വീണ്ടും അർത്ഥം തോന്നുന്നു എന്ന് ഒരു പത്തനംത്തിട്ടക്കാരൻ പറഞ്ഞത് ഈ ഇടവേളയിലാണ്) പങ്കെടുക്കുവാനുള്ള അവകാശം! ഈ സമീപഭൂതകാല പ്രാങ്ങ് കോൺഗ്രസ്സ് അനുഭവത്തിന്റെ അനന്യത ചൂണ്ടിക്കാട്ടിയത് മറ്റൊന്നും കൊണ്ടല്ല.

സഖാക്കൾ ആവശ്യപ്പെട്ടപോലെ പ്രത്യയശാസ്ത്ര സമസ്യകളെക്കുറിച്ച് എഴുതിത്തരുമ്പോൾ ഒരു സി.പി.എം നിലപാടിന്റെ പ്രാഗ്രൂപംപോലും ഇല്ലാതിരിക്കുന്നത് (സംഘടനാരഹസ്യത്തിന്റെ ജഢഭാരം!) എന്റെ ഇടപെടലിന്റെ സമഗ്രതയെ പരിമിതപ്പെടുത്തുമെന്ന് മുൻകൂർ ജാമ്യമെടുക്കുവാനാണ് (നീണ്ടവാചകത്തിൻ ക്ഷമ!) അതുകൊണ്ട് വാർന്ന്വീഴുന്ന അക്ഷരകൂട്ടങ്ങളിൽ രാഷ്ട്രീയപ്രമേയത്തിന്റെയും പരിപാടിയുടെയും തീമുകളാകും അധികവും തുളുമ്പിത്തെറിക്കുക (പാർട്ടിസമ്മേളനങ്ങളിൽ ഉൽഘാടനപ്രസംഗകർക്ക് സംസാരിക്കുവാനുള്ള അച്ചടിച്ച രേഖ ഞാൻ വായിച്ചിട്ടുണ്ട് മേത്തല ലോക്കൽകമ്മറ്റിയുടെ അരാകുളം ബ്രാഞ്ചിന്റെ സമ്മേളനത്തിൽ പതാകഉയർത്തിയ എനിക്ക് ആദരസൂചകമായി സഖാക്കൾ ഈ രേഖ (രഹസ്യമായി) തന്നു.



**കമ്മ്യൂണിസത്തിന്റെ രാഷ്ട്രീയപ്രയോഗത്തിന്റെ 'ദർശനവ്യഥകളിൽ', പാർട്ടികോൺഗ്രസ്സിന്റെ മുന്നോടിയായി നടക്കുന്ന പ്രത്യയശാസ്ത്ര ചർച്ചകളിൽ വ്യക്തതയാണ് പ്രധാനം. എങ്കിലും ഗവേഷണഫലങ്ങളെ ഭയപ്പെടാത്ത 'ഗവേഷണങ്ങ' ളിലാണ് മാർക്സിസത്തിന്റെ ഭാവി. അല്പം നിറഭേദങ്ങളോടെ നിലനിൽക്കുന്ന 'മാർക്സിസങ്ങളുടെ' ബഹുസ്വരത, പാർട്ടി പരിപാടിയുടെ സുവ്യക്തതതയോട് മുഖംതിരിച്ചു പിടിക്കേണ്ടതുണ്ടോ? ' ഗവേഷണ പഠനകേന്ദ്രങ്ങളുടെ പുനരുജ്ജീവന'വും പ്രത്യയശാസ്ത്ര പ്രമേയം ഒരിക്കലും അടച്ചിട്ട വാതിലാവരുതെന്ന കരുതലും സി.പി.എംൽ നിന്ന് പ്രതീക്ഷിക്കാവുന്നതല്ലേ?**

### അമിത പ്രതീക്ഷകളും മോഹചിന്തകളും

**1.** പ്രത്യയശാസ്ത്രരേഖയിലെ നവവ്യക്തതയില്ലാതെ തന്നെ കഴിഞ്ഞകാല പ്രവർത്തനങ്ങൾ ഭംഗിയായി നടന്നു!- ഈ ആത്മസംതൃപ്തി കടുത്ത പ്രയോഗ വാദിക്കുപോലും അലങ്കാരമല്ല. പ്രയോഗത്തിനും സിദ്ധാന്തത്തിനും അല്പമൊക്കെ ദാരിദ്ര്യം നേരിടുന്ന സമകാലീനസന്ദർഭത്തിൽ പ്രത്യേകിച്ചും!

**2.** ക്രൂഷ്ച്ചോവിന്റെ 20-ാം പാർട്ടി കോൺഗ്രസ്സ് (സി.പി.എസ്.ബി) റിപ്പോർട്ടു മുതലെങ്കിലും, ലോകകമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ നടന്നുവന്ന അവലോകനങ്ങൾ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ എന്തുചലനങ്ങളാണ് സൃഷ്ടിച്ചത്? 1964ൽ പാർട്ടിപിളരുന്നതുവരെയുള്ള ഘട്ടത്തിൽ? ലോക കമ്മ്യൂണിസ്റ്റ് പാർട്ടികളിൽ, പ്രത്യയശാസ്ത്രപ്രശ്നങ്ങളിൽ സ്വന്തം തലച്ചോറുപയോഗിക്കുന്ന' (മാവോ) ഒന്നാം സെക്രട്ടറിമാർ വിരളമായിരുന്ന എന്ന അപകടാവസ്ഥയെ ഓർക്കുമ്പോഴാണ്, ഈ ചരിത്രഘട്ടം പ്രധാനമാകുന്നത്. അതാത് രാജ്യങ്ങളിൽ വിജയിച്ച കമ്മ്യൂണിസ്റ്റ് വിപ്ലവങ്ങളുടെ നേതൃനിരയുടെ പരിഗണനയിൽ വിപ്ലവം നടക്കാത്ത രാജ്യങ്ങളും അവിടത്തെ സാമൂഹ്യപരിവർത്തനങ്ങളും, പ്രധാനമായിരുന്ന ഒരുകാലം പതുക്കെ മാറിക്കൊണ്ടിരുന്നു - ഒരു രാജ്യത്ത് മാത്രം വിപ്ലവം നടക്കുക, ലോകവിപ്ലവത്തിന്റെ സാദ്ധ്യതകൾ മങ്ങുക തുടങ്ങിയ കഠിനയാഥാർത്ഥ്യങ്ങൾ - ലോക കമ്മ്യൂണിസ്റ്റ് സാഹോദര്യത്തിന്റെ സംഘാടനത്തിലും വേവലാതികൾ സൃഷ്ടിച്ചിരുന്നു.

**3.** ഇന്ത്യയിൽ 1964നുശേഷം തിരുത്തൽവാദം സമം സി.പി.ഐ അതിസാഹസികത്വമെന്നാൽ മാവോയിസ്റ്റുകൾ - ഇതായിരുന്നു സമീപനം! ഈ പ്രയോഗ ലാളിത്യത്തിന് പരിമിതികളേറെയുണ്ട് - ഒരു കാര്യംമാത്രം സൂചിപ്പിക്കട്ടെ - ലോക മാവോയിസത്തിന് പരിമിതവിജയം ഉണ്ടായത് നേപ്പാളിൽ മാത്രമാണ്.

ഭരണകൂടത്തിന്റെ അടിച്ചമർത്തലുകളിൽ പൂർണ്ണനാശം സംഭവിക്കാത്ത സായുധ വിപ്ലവശ്രമത്തിന്റെ നേപ്പാൾ അനുഭവം, ഇന്ന് ഈ 'അയൽരാജ്യം' നേരിടുന്ന ഭരണപ്രതിസന്ധിയുടെ തുടർക്കഥ - ഇതൊന്നും സി.പി.എമ്മിന് അന്യമായിക്കൂടാ! ഇന്ത്യയിലെ മാവോയിസ്റ്റുകൾ സി.പി.എം കാഡറുകളെ കൊല്ലുന്നു എന്ന ക്രൂരസത്യം മാത്രമാണോ - മാവോയിസ്റ്റു സാഹസികത്വങ്ങളുടെ പിടിപ്പില്ലായ്മയെ എതിർക്കാനുള്ള കാരണം?

അവർ സി.പി.എംകാരെ കൊല്ലുന്നില്ല, മറ്റാളുകളെ കൊന്നും സ്വയം ജീവനൊടുക്കിയും വിപ്ലവം നടത്തുന്നു. അങ്ങിനെയെങ്കിൽ അത് സ്വീകാര്യമാണോ? മരിച്ചുപോയ എല്ലാപ്രതിഭാധനരായ മാർക്സിസ്റ്റ് ആചാര്യന്മാരുടെയും പേര് വഴികാട്ടികളുടെ കൂട്ടത്തിൽ നിലനിർത്തുന്ന സി.പി.എംന് ഇത് ഒരു 'പ്രത്യശാസ്ത്ര' സമസ്യകൂടിയാണ് - "ഇതല്ല മാർക്സിസം ഇതായിരുന്നില്ല ലെനിനും മാവോയും നടപ്പാക്കിയത്" എന്ന് ആശയദാർഢ്യത്തോടെ ഈ 'വഴിതെറ്റിയ' മാവോയിസ്റ്റുകളോട് പറയുവാൻ - അവർ വഴിതെറ്റിയവരാണെന്ന വിലയിരുത്തൽ ആദ്യം ഉണ്ടാവേണ്ടതില്ലേ - പാർട്ടി ഓഫീസുകൾ തകർത്ത്, നേതാക്കളെ കൊല്ലുന്നവരോടുപോലും പ്രത്യയശാസ്ത്രവേദം ഓതണമെന്ന കാര്യം - തികച്ചും അപ്രയോഗികമാണോ?

**4.** തിരുത്തൽവാദവും സി.പി.ഐയുടെ ചരിത്രവും - പ്രയോഗതലത്തിൽ അവരുമായി ഐക്യം നിലനിൽക്കുമ്പോൾ ഒരു വിഷയമായി ഞാനുയർത്തുന്നില്ല. മാത്രമല്ല, ഒരു കമ്മ്യൂണിസ്റ്റ് ലയനത്തിന്റെ സാദ്ധ്യതയിലാണ് എന്റെ വിശ്വാസം. വരുംനാളുകളിൽ ഈ ഏകീകരണം രൂപംകൊള്ളുന്നതിന് ഒരുപാട് 'തലനാരിഴകീറുന്ന' ചർച്ച ആവശ്യമാണ്.

**5.** "പാർലിമെന്ററി വ്യവസ്ഥയിൽ സായുധ ഗറില്ലാ സമരം നടത്തി വിപ്ലവം വിജയിക്കുമെന്ന വ്യാമോഹം ഞങ്ങൾക്കില്ല". ഈ ശരിയായ സമീപനമുദ്ര

സി.പി.ഐയുടെയും സി.പി.എംന്റെയും പ്രവർത്തനങ്ങളിലുണ്ട്. പക്ഷേ 1951 മുതലെങ്കിലും സ്വീകരിച്ചുപോന്ന ഈ നയവ്യക്തതയുടെ 'അനുഭവങ്ങൾ സമാഹരിച്ച്' വീണ്ടും ഉറപ്പിക്കേണ്ടതുണ്ട്.

**പ്രത്യയശാസ്ത്രരേഖയുടെ ദിശ നിർണ്ണയിക്കുന്നതിൽ**

(എ) നിയമവിധേയവും നിയമവിരുദ്ധവുമായ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കൽ

(ബി) മന്ത്രിസഭാരൂപീകരണം, മന്ത്രിസഭയിൽ പങ്കുചേരൽ

(സി) അഭിപ്രായവ്യത്യാസമുള്ളവരുമായി യോജിച്ച പ്രവർത്തനം

ഇക്കാര്യങ്ങളിൽ കൂറേക്കൂടി വ്യക്തത വേണം.

**6.** കോൺഗ്രസ്സിനെതോൽപ്പിച്ച് ബി.ജെ.പി അധികാരത്തിൽ വന്നതാണ് – ഇനിയും വരാനുള്ള സാദ്ധ്യതയുണ്ട്. ഈ മൂർത്ത യാഥാർത്ഥ്യം ഉയർത്തുന്ന പ്രധാനപ്രത്യയശാസ്ത്രപ്രശ്നങ്ങൾ സ്പർശിച്ചുപോകുകമാത്രമാണ് ഇനി ചെയ്യുന്നത്.

പറയുന്നപോലെ അപകടകാരിയല്ലേ ഇന്ത്യൻ ഫാസിസം? തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്നതാണ് ജർമ്മൻ ഫാസിസം. ചരിത്രത്തിലെ സാമ്യങ്ങളിൽനിന്ന്, തുടങ്ങി വ്യത്യസ്തകളും വിശകലനവിധേയമാക്കണം യാണ് – വംശഹത്യയുടെ കൊടുംപാതകം, ബാബറി മസ്ജിദിന്റെ തകർച്ച – ഇതിനൊക്കെ ശേഷവും സംഘപരിവാരങ്ങൾക്ക് തെരഞ്ഞെടുപ്പുവിജയം നൽകുന്ന ജനമനശാസ്ത്രപുതുമ ഗൗരവമായി കാണണം. (കുഞ്ഞാലിക്കുട്ടി വൻഭൂരിപക്ഷം നൽകിയ കേരളീയനാനുഭവവും!)

1975ലെ ത്രിവർണ്ണ അടിയന്തിരാവസ്ഥയിൽനിന്ന് എന്തുപാഠങ്ങളാണ് പഠിച്ചത്? ജനാധിപത്യവും, വിപ്ലവവും, തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം, ഈ കല്പനകളെല്ലാംഅടിയന്തരാവസ്ഥ വരുന്നേ എന്ന 'പുലിപ്പേടി' യായി മാത്രമല്ല അവതരിപ്പിക്കേണ്ടത്. നമ്മൾ അധികാരത്തിൽ വരുമ്പോൾ ഏകാധികാരദുരന്തം സംഭവിക്കില്ല. സോഷ്യലിസ്റ്റ് നിയമവാഴ്ചയുണ്ടാകും. ഇക്കാര്യങ്ങൾ ഇപ്പോൾതന്നെ പകൽവെളിച്ചംപോലെ വ്യക്തമാക്കണം. പാർട്ടിയുടെ കിടപ്പറ രഹസ്യമായി നമ്മുടെ ഭാവി സമുദായ സങ്കൽപം വിടർന്നുകൂടാ.

**7.** കമ്മ്യൂണിസത്തിന്റെ രാഷ്ട്രീയപ്രയോഗത്തിന്റെ 'ദർശനവ്യഥകളിൽ', പാർട്ടികോൺഗ്രസ്സിന്റെ മുന്നോടിയായി നടക്കുന്ന പ്രത്യയശാസ്ത്ര ചർച്ചകളിൽ – വ്യക്തതയാണ് പ്രധാനം. എങ്കിലും ഗവേഷണഫലങ്ങളെ ഭയപ്പെടാത്ത 'ഗവേഷണങ്ങ' ളിലാണ് മാർക്സിസത്തിന്റെ ഭാവി. അല്പം നിറഭേദങ്ങളോടെ നിലനിൽക്കുന്ന 'മാർക്സിസങ്ങളുടെ' ബഹുസ്വരത, പാർട്ടി പരിപാടിയുടെ സുവ്യക്തതതയോട് മുഖം തിരിച്ചു പിടിക്കേണ്ടതുണ്ടോ?

'മുടങ്ങിക്കിടക്കുന്ന ഗവേഷണ പഠനകേന്ദ്രങ്ങളുടെ പുനരുജ്ജീവനം'വും പ്രത്യയശാസ്ത്ര പ്രമേയം ഒരിക്കലും അടച്ചിട്ട വാതിലാവരുതെന്ന കരുതലും സി.പി.എംൽ നിന്ന് പ്രതീക്ഷിക്കാവുന്നതല്ലേ?

**8.** കേരളത്തിലെ നവകേരള മാർച്ചിനു ലഭിച്ച ആവേശകരമായ സ്വീകരണ തുടക്കത്തിൽ (കുറച്ചു വർഷങ്ങൾക്കു മുൻപ്) കേരളത്തിലെ പാർട്ടി സെക്രട്ടറി ഇങ്ങിനെ പറഞ്ഞു ''സി.പി.എം പാർട്ടി മെമ്പർമാരുടെ മാത്രം പാർട്ടിയല്ല'' ആവേശത്തിമർപ്പിൽ, കമ്മിറ്റിത്തീരുമാനം അറിയിക്കുന്ന ലാഘവധ്വനിയില്ലാതെ പറഞ്ഞ ഇക്കാര്യം പിണറായി വിജയൻ മാറ്റി പറഞ്ഞിട്ടില്ല. – ഒരു ബഹുജനപ്രസ്ഥാനത്തിന്റെ നിലപാടിന്റെ തെളിച്ചം ഇത്തരം വാക്കുകളിലുണ്ട് – അതു തുടരാനാവണമെങ്കിൽ? – മുന്നണി പടയാളിത്വം (vanuguardism), വർക്കറിസം, ഇക്കാര്യങ്ങളുടെ അഭിലഷണീയത – പ്രത്യയശാസ്ത്രചർച്ചയിൽ ഇതുകൂടി പെടുമോ?

****

'സ്വപ്നങ്ങൾ കാണുക' ലെനിൻ തൊഴിലാളികളോട് പറഞ്ഞു. ഇന്ന് സ്വാതന്ത്ര്യവും ജനാധിപത്യവുമില്ലെങ്കിലും, വംശഹത്യയുണ്ടെങ്കിലും പരിസ്ഥിനാശമുണ്ടെങ്കിലും – ഉയർന്നവേതനം മതി, 'മെച്ചപ്പെട്ട' സാമ്പത്തിക വളർച്ച മതി എന്നു കരുതുന്നവരെ, സ്വപ്നനഷ്ടം സംഭവിച്ചവരെ, ജനാധിപത്യവാദികൾ വീണ്ടുമുണർത്തണം.

കടമെടുക്കാത്ത ചിന്തകളുടെ സ്പർശമെങ്കിലും പ്രത്യയശാസ്ത്രപ്രമേയത്തിന്റെ പിറവിക്കൊടുവിൽ ഉണ്ടാകുമെന്നാണ് പ്രതീക്ഷ. ഈ കുറിപ്പുകൾ അവസാനിപ്പിക്കുന്നതിനുമുൻപ്, രാഷ്ട്രീയപാർട്ടികളുടെ പഠനഗവേഷണങ്ങൾ തപ്പിത്തടയുന്ന അല്ലെങ്കിൽ എളുപ്പത്തിൽ ഉത്തരം കണ്ടെത്തി എമ്പക്കമിടുന്ന രണ്ടു കാര്യങ്ങളെക്കൂടി!

എ) ഗാന്ധിയുള്ളതുകൊണ്ട്, ഗാന്ധിസമുള്ളതുകൊണ്ട് വിപ്ലവത്തിന് വിജയിക്കാനായില്ല

ബി) ഗോർബച്ചേവാണ് സോഷ്യലിസത്തിന്റെ ഘാതകൻ

എല്ലാ ചർച്ചകൾക്കുശേഷവും യാതൊരു സ്വയംവിമർശനവുമില്ലാത്ത, ഞങ്ങൾക്കെന്തു പ്രതിസന്ധിയെന്ന് ഊറ്റംകൊള്ളുന്ന ഒരു വിഫലരേഖ ചാപിള്ളയായി പിറക്കുമോ? അശുഭചിന്തയോടുള്ള എന്റെ ആഭിമുഖ്യം ഞാൻ ഒളിച്ചുവെക്കുന്നില്ല.


കേരളീയം

13 –ാം വാർഷികം
14 –ാം പിറന്നാൾ

ഭാവിപരിപാടികൾ

2011 ഡിസംബർ
കേരളീയത പ്രത്യേകപതിപ്പ്
ഗസ്റ്റ് എഡിറ്റർ :ഡോ. പി. രൺജിത്ത്

കേരളീയം പുസ്തകം
ജാഗ്രതയുടെ കാവൽമാടം
(കേരളീയം 13 വർഷങ്ങൾ, സമാഹരണം)
എഡിറ്റർ : കെ.ആർ. ഇന്ദിര

2011 ഡിസംബർ
മാധ്യമക്യാമ്പ്
പുസ്തകം/ലഘുലേഖ
പ്രസാധനം

2012 ജനുവരി
പതിനാലാം
പിറന്നാൾ ആഘോഷം
സൈക്കിൾ ഫെസ്റ്റിവൽ
പ്രത്യേകപതിപ്പ്
സാമൂഹിക നീതിക്കായുള്ള
സാമൂഹിക പ്രവർത്തനം
ഗസ്റ്റ് എഡിറ്റർ : എൻ.പി. ജോൺസൺ

പുസ്തകപ്രകാശനം
സൈക്കിൾ പുസ്തകം
എഡിറ്റർ : കെ.ജി. ശങ്കരപ്പിള്ള

2012 ഫെബ്രുവരി
ഗാന്ധിയൻ പ്രത്യേകപതിപ്പ്
ഗസ്റ്റ് എഡിറ്റർ : സണ്ണിപൈകട

2012 മാർച്ച്
ലൈംഗിത പ്രത്യേകപതിപ്പ്
ഗസ്റ്റ് എഡിറ്റർ : ഐ. ഗോപിനാഥ്